2019
മെയ്
വാല്യം 12 | ലക്കം 05
Annual Subscription ₹ 60.00

# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN





**വിമലഗിരി കത്തീഡ്രലിൽ ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതേച്ചേ
രിൽ തിരുത്തൈലങ്ങൾ ആശീർവ്വദിക്കുന്നു.**



**വിജയപുരം രൂപതയുടെ തിരുഹൃദയവർഷ
സമാപനത്തോടനുബന്ധിച്ചു കോട്ടയത്തു നടന്ന റാലി**

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

**MAY 2019** Registered Newspaper, Reg.No. KERMAL/2008/24745 **Vol.12 • No.5**

THE ROMAN CATHOLIC DIOCESE OF VIJAYAPURAM
AD CHRISTI NOMEN - 1930

Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editors*
**Fr. Xavier Cherunellady**
**Adv. Henry John**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Sri. Albert John**

*Circulation Manager*
**Fr. Xavier Cherunellady**
Mob: 9946511172
Ph: 0481-2456055



## താളുകൾ മറിക്കുമ്പോൾ...

**4** എഡിറ്റോറിയൽ: മാതൃദിനവും മാതൃമാസവും

**7** 2019 ലോക ദൈവവിളി ദിന സന്ദേശം

**12** സ്വർഗ്ഗീയമന്ന (കവിത)

**15** മതബോധനരംഗം

**16** ഇടവകവാർത്തകൾ

**22** വി.എസ്.എസ്.എസ്. വാർത്തകൾ

**34** അഭിവന്ദ്യ പിതാവിന്റെ ജൂൺ മാസ പരിപാടികൾ

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com

Editorial



# മാതൃദിനവും മാതൃമാസവും

നമ്മുടെ ജീവിതത്തിന് ഏറ്റം അവശ്യമായ മാതൃസ്നേഹം- മനുഷ്യസ്നേഹവും ദൈവസ്നേഹവും- ആഘോഷിക്കുന്ന മാസമാണ് മെയ്മാസം. മെയ് 12-ാം തീയതി മെയ്മാസത്തിലെ രണ്ടാം ഞായറാഴ്ച, നാം മാതൃദിനം കൊണ്ടാടും. നമുക്കു ജീവനും സ്നേഹവും പകർന്നുതന്ന് വളർത്തി നമ്മെ നമ്മളാക്കിയ നമ്മുടെ അമ്മയെ പ്രത്യേകം ഓർത്ത്, അമ്മയുടെ സ്ഥാനത്ത് നിന്ന് നമ്മെ സ്നേഹിച്ചവരെയും പ്രത്യേകം അനുസ്മരിച്ച്, അവർക്ക് നന്ദി പറയുന്നതിനും, ആദരവു കാട്ടുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും, അവരെ കരുതുന്നതിനും നമുക്കുള്ള കടമയെ ശ്രദ്ധയിൽ കൊണ്ടുവരുന്നു മാതൃദിനാഘോഷം. എന്നാൽ നമ്മുടെ ജീവിതത്തിൽ മുഴുവൻ, നിത്യതവരെയും, നമുക്കാവശ്യമായ മാതൃസ്നേഹം അതിന്റെ തികവിൽ പൂർണ്ണമായി നൽകാൻ ഈ ലോകത്തിലെ അമ്മമാർക്ക് അവരുടെ പരിമിതികളും ബലഹീനതകളും മൂലം സാധിക്കുന്നില്ല. അവർ എപ്പോഴും നമ്മുടെ കൂടെയില്ല. എല്ലായിടത്തും നമ്മോടുകൂടെയില്ല. എല്ലാം നൽകാൻ അവർക്കാകുന്നുമില്ല. അതിന് ദൈവം കണ്ടപരിഹാരമാണ് ദൈവമാതാവ്. നമ്മുടെ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമേകാൻ കടന്നുവന്ന ദൈവപുത്രൻ തന്റെ അമ്മയെ നമുക്ക് അമ്മയായി നൽകി. അവൻ അവളെ ചൂണ്ടിക്കാണിച്ച് പറഞ്ഞു: “ഇതാ നിന്റെ അമ്മ” (യോഹ 19:27) ആ ദൈവമാതാവിനെ നമ്മുടെ അമ്മയായി സ്വീകരിച്ച് അവളുടെ സ്നേഹം നുകരാനും അവളെ ആദരിച്ചു വണങ്ങാനും നൽകപ്പെട്ട മാസമാണ് മെയ്. അമ്മയെ വണങ്ങാൻ ഒരു ദിവസം. ദൈവമാതാവിനെ വണങ്ങാൻ ഒരു മാസം.

മെയ്മാസത്തിലെ ഓരോ ദിവസവും നാം ദൈവാലയത്തിലും, കപ്പേളക ളിലും ഭവനങ്ങളിലും ഒരുമിച്ചുകൂടി വണക്കമാസ പ്രാർത്ഥന ചൊല്ലി ദൈവമാതാവിനോടുള്ള നമ്മുടെ ഭക്തിയും സ്നേഹവും കൃതജ്ഞ തയും പ്രകടമാക്കുന്നു. അമ്മയുടെ ജീവിതത്തെയും ഗുണഗണങ്ങ ളെയും ധ്യാനിച്ച് അമ്മയെ അനുകരിച്ച് അവളുടെ മകനെ അനുകരിച്ച്, ദൈവമക്കളായി ജീവിക്കാൻ തയ്യാറാകുകയും ചെയ്യുന്നു.

നമ്മുടെ ജീവിതത്തിലെ ഏറ്റം പ്രധാനപ്പെട്ട വ്യക്തിയാണ് അമ്മ. അവളുടെ ഗർഭപാത്രത്തിനുള്ളിലാണ് നമ്മുടെ ജീവിതത്തിന്റെ ആദ്യത്തെ 9 മാസവും 9 ദിവസവും 9 മണിക്കൂറും നാം ചെലവഴിച്ചത്. ആ നാളുകളിൽ അവളിൽ നിന്നുതന്നെ നമുക്ക് വേണ്ടതെല്ലാം, പോഷ ണവും, ജീവശ്വാസവും ജീവജലവും എല്ലാം നൽകപ്പെട്ടു. ജനിച്ചു കഴിഞ്ഞും അവളിൽ നിന്നാണ്, അവളുടെ ശരീരത്തിൽ നിന്നാണ് ആദ്യ പോഷണം നാം സ്വീകരിച്ചത്. നമ്മുടെ ആത്മീയ ജീവന് ഈശോയുടെ ശരീരം ഭക്ഷിക്കുംപോലെ നമ്മുടെ ശാരീരികവും മാനസികവുമായ ജീവന് അവളുടെ ശരീരത്തിൽ നിന്ന് നാം പാനം ചെയ്തു. അവളുടെ മടിയിലും മാറിടത്തിലുമാണ് നമുക്ക് സുരക്ഷിതത്വം നൽകപ്പെട്ടത്. നമ്മുടെ ശരീരം മാത്രമല്ല, വികാരങ്ങളും, മനസ്സും ഹൃദയവും ആത്മാ വുമെല്ലാം അവളുടെ സ്വാധീനത്തിലാണ് വളർന്നത്. അവളുമായുള്ള ബന്ധത്തിലൂടെ നമ്മിൽ സ്നേഹവും, വിശ്വാസവും, ജ്ഞാനവും സന്തോഷവും ചൊരിയപ്പെട്ടു. നമ്മുടെ വ്യക്തിത്വവും ചിന്താഗതിയും പെരുമാറ്റങ്ങളും ബന്ധങ്ങളുമെല്ലാം രൂപപ്പെടുത്തിയതും അവൾ തന്നെ. അമ്മയെയോർത്ത് നമുക്ക് അഭിമാനം കൊള്ളാം. അമ്മയോടുള്ള സ്നേഹത്താലും കൃതജ്ഞതയാലും നമുക്കുനിറയാം. ആ ആദരവും സ്നേഹവും കൃതജ്ഞതയും പ്രകടമാക്കാൻ നമുക്കു ശ്രദ്ധിക്കാം. അമ്മ മാരോട് ചില മക്കളും കുടുംബവും സമൂഹവും കാണിക്കുന്ന അവഗ ണനയും അവഹേളനവുമോർത്ത് മാപ്പു ചോദിക്കാം. പരിഹാരം ചെയ്യാം.

അമ്മയുടെ സ്നേഹം വേണ്ടവണ്ണം ലഭിക്കാതെപോയവരുണ്ട്. അമ്മ ദൂരെ ജോലിക്കുപോയതിനാലാവാം ചെറുപ്പത്തിലെ അമ്മ മരിച്ചുപോ യതിനാലാവാം ജീവിത വ്യഗ്രതകളും സാഹചര്യങ്ങളും മൂലം അവഗ ണന കാട്ടിയതിനാലാവാം, സ്നേഹം പ്രകടമാക്കാൻ അമ്മക്ക് കഴിവോ, മനസോ ഇല്ലാത്തതിനാലാവാം അമ്മയുടെ സ്നേഹത്തിനുവേണ്ടി അൾത്താരയിലലയുന്നവരുണ്ട്. വിവാഹം കഴിഞ്ഞാലും ചില ഭർത്താ ക്കന്മാർ ഭാര്യയിൽ നിന്ന് ആദ്യം തേടുന്നത് തനിക്ക് അമ്മയിൽ നിന്ന് ലഭിക്കാതെ പോയ സ്നേഹം ആകാം. എന്നാൽ ലഭിക്കേണ്ടപ്പോൾ ലഭി ക്കേണ്ടതുപോലെ, ലഭിക്കാത്ത സ്നേഹം തന്നു നമ്മെ തൃപ്തിപ്പെടു ത്താൻ ഈ ലോകത്തിലെ ഒരു വ്യക്തിക്കും സാധിക്കുകയില്ല. ദൈവ ത്തിനേ അതു സാധിക്കൂ. ദൈവം പറയുന്നു. ''മുലകുടിക്കുന്ന കുഞ്ഞിനെ അമ്മക്കു മറക്കാനാവുമോ, പുത്രനോടു പെറ്റമ്മ കരുണ

കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല." (എശ. 49:15)

ആ ദൈവ സ്നേഹത്തിന്റെ അവതാരം പോലെയാണ് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയം. അവളിൽ നിന്നാണ് കാലത്തിന്റെ തികവിൽ രക്ഷകൻ ഭൂമിയിൽ ഭൂമിയിൽ ജനിച്ചത് (ഗലാ. 4:4) അവളിൽ നിന്നുതന്നെയാണ് ദൈവം മനുഷ്യശരീരം സ്വീകരിച്ചു മനുഷ്യാവതാരം ചെയ്തത്. അവളുടെ സംരക്ഷണയിലാണ് അവൻ വളർന്നത്. അവളുടെ അഭ്യർത്ഥന പ്രകാരമാണ് അവൻ ആദ്യാത്ഭുതം ചെയ്ത് രക്ഷണീയകൃത്യം തുടങ്ങിയത്. അവളുടെ സാന്നിദ്ധ്യത്തിലാണ് അവൻ രക്ഷണീയ കൃത്യം പൂർത്തീകരിച്ച് കാൽവരിയിൽ പരമയാഗം അർപ്പിച്ചത്. ആ യാഗവേദിയിൽ വച്ച് അവിടുന്ന് തന്റെ അമ്മയെ നമ്മുക്ക് അമ്മയായി നൽകി. അതിനുമുമ്പ് യേശു നമുക്ക് തന്റെ സ്നേഹവും വചനവും നൽകി. തന്റെ അപ്പനെ നമ്മുടെ അപ്പനായി പരിചയപ്പെടുത്തി. തന്റെ ആത്മാവിനെ നമ്മുടെ ആത്മാവിലാകാൻ വാഗ്ദാനം ചെയ്തു. എന്നാൽ തന്റെ ജീവിതാവസാനം വരെ അമ്മയെ കരുതിവച്ചു. എന്നിട്ട് അവസാന നിമിഷം തന്റെ അമ്മയെയും വിട്ടുതന്നു. യേശുവിനുപോലും തന്റെ ജീവിതാവസാനം വരെയും അമ്മയെ ആവശ്യമായിരുന്നതിനാലാണത്. എന്നാൽ നമുക്ക് നിത്യതവരെയും ആ അമ്മയെ അമ്മയുടെ സ്നേഹത്തെ ആവശ്യമാണെന്നുകണ്ട ദൈവപുത്രൻ അവളെ പിടിച്ചുവയ്ക്കാതെ നമുക്കായി അവസാനം നിമിഷം വിട്ടുതന്നു. അമ്മയുടെ സ്നേഹം വേണ്ടവണ്ണം, തൃപ്തിയാവോളം ലഭിക്കാൻ ആ സ്വർഗ്ഗീയ അമ്മയുടെ സ്നേഹം നുകർന്നാൽ മതി.

കൊച്ചുത്രേസ്യാ പുണ്യവതിക്ക് ശിശുവായിരിക്കുമ്പോഴെ അവളുടെ അമ്മയെ നഷ്ടപ്പെട്ടു. അത് അവളെ ശുദ്ധ നിറഞ്ഞവളാക്കി. അതെല്ലാം മാറി അവൾ തങ്കപ്പെട്ടവളായത് ദൈവമാതാവിനെ സ്വന്തം അമ്മയായി അനുഭവിക്കാൻ സാധിച്ചപ്പോഴാണ്. വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പയുടെയും അനുഭവം അതായിരുന്നു. 8-ാം വയസിൽ അമ്മയെ നഷ്ടപ്പെട്ട പാപ്പക്ക് ദൈവമാതാവായിരുന്നു അമ്മ. നെഞ്ചിൽ വെടിയേറ്റപ്പോൾ കൈകളിൽ താങ്ങി, വെടിയുണ്ടയുടെ ഗതി നിയന്ത്രിച്ച് തന്നെ സംരക്ഷിച്ചത് ദൈവമാതാവാണെന്ന് ഏറ്റുപറഞ്ഞ് ആ വെടിയുണ്ട അമ്മയുടെ കിരീടത്തിൽ സ്ഥാപിച്ച കാര്യം എല്ലാവർക്കും അറിവുള്ളതാണല്ലോ.

മാതൃമാസത്തിൽ നമുക്ക് നിത്യതയിലെ അമ്മയായി നൽകപ്പെട്ട ദൈവമാതാവിനെയോർത്ത് നന്ദിപറയാം. ആ അമ്മയുടെ സംരക്ഷണക്ക് നമ്മെത്തന്നെ സമർപ്പിക്കാം. ആ അമ്മയുടെ സ്നേഹം നുകർന്ന് നമുക്ക് സംതൃപ്തിയടയാം. ആ അമ്മയുടെ ആഹ്വാനം ശ്രവിച്ച് അവൻ (ദൈവപുത്രൻ) പറയുന്നതുപോലെ എല്ലാം നിവർത്തിക്കാം. അപ്പോൾ നമ്മുടെ ജീവിതം അത്ഭുതം നിറഞ്ഞതാകും.

■

# 2019 ലോകദൈവവിളി ദിന സന്ദേശം
## ഫ്രാൻസിസ് മാർപാപ്പാ
### ദൈവിക വാഗ്ദാനത്തെ സംബന്ധിച്ച്
### അപകട സാധ്യത ഏറ്റെടുക്കാനുള്ള ധീരത

പ്രിയ സഹോദരീസഹോദരന്മാരേ,

കഴിഞ്ഞ ഒക്ടോബറിൽ യുവജനങ്ങൾക്കുവേണ്ടി നടത്തിയ സിനഡിന്റെ സജീവവും ഫലദായകവുമായ അനുഭവത്തിനുശേഷം പനാമാ നഗരത്തിൽ വച്ച് അടുത്തകാലത്ത്, മുപ്പത്തിനാലാം ലോകയുവജന ദിനം നമ്മൾ ആഘോഷിച്ചു. ഈ രണ്ട് മഹാസംഭവങ്ങളും പരിശുദ്ധാത്മാവിന്റെ ശബ്ദത്തെയും യുവതീയുവാക്കളുടെ ജീവിതത്തെയും അവരുടെ ചോദ്യങ്ങളെയും താത്പര്യങ്ങളെയും പ്രശ്നങ്ങളെയും പ്രതീക്ഷകളെയും ശ്രദ്ധിക്കാൻ സഭയെ അനുവദിച്ചു.

പനാമയിൽ യുവജനങ്ങളുമായി പങ്കുവച്ച കാര്യങ്ങളുടെ അടിസ്ഥാനത്തിൽ, ദൈവവിളിക്കായുള്ള പ്രാർത്ഥനയുടെ ഈ ലോകദിനത്തിൽ, കർത്താവിന്റെ വിളി നമ്മെ എങ്ങനെ വാഗ്ദാനത്തിന്റെ സംവാഹകരാക്കുന്നുവെന്നു ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതേ സമയം അവിടത്തോടു കൂടെയും അവിടത്തേക്കുവേണ്ടിയും അപകടസാധ്യത ഏറ്റെടുക്കാനുള്ള ധീരതയെപ്പറ്റി ചിന്തിക്കാനും ആഗ്രഹിക്കുന്നു. നിങ്ങളോടൊപ്പം രണ്ടു വശങ്ങളെപ്പറ്റി – വാഗ്ദാനം അപകടസാധ്യത എന്നിവയെപ്പറ്റി – ചുരുക്കത്തിൽ ചിന്തിച്ചുകൊണ്ട് അങ്ങനെ ചെയ്യാം. കാരണം അവ രണ്ടും ആദ്യശിഷ്യരെ ഗലീലിക്കടൽത്തീരത്തുവച്ചു വിളിച്ചതിനെക്കുറിച്ചുള്ള സുവിശേഷവിവരണത്തിൽ കാണാം (മർക്കോ 1:16-20).

രണ്ടു ഇരട്ട സഹോദരന്മാരെ – ശിമയോനും അന്ത്രയോസും, യാക്കോബും യോഹന്നാനും – തങ്ങളുടെ അനുദിന തൊഴിലായ മീൻപിടുത്തത്തിനു പോകുന്നു. ത്യാഗം ആവശ്യപ്പെടുന്ന ഈ ജോലിയിൽ അവർ പ്രകൃതി നിയമങ്ങൾ പഠിച്ചു. എന്നാലും കാറ്റ് അനുകൂലമല്ലാത്തപ്പോഴും തിരമാലകൾ വള്ളങ്ങളെ കുലുക്കിയപ്പോഴും പ്രകൃതിശക്തികളെ വെല്ലുവിളിക്കേണ്ടി വന്നു. ചില ദിവസങ്ങളിൽ മീൻപിടുത്തം അവരുടെ പരിശ്രമങ്ങൾക്ക് ധാരാളം പ്രതിഫലം നല്കി. എന്നാൽ മറ്റു ദിവസങ്ങളിൽ രാത്രി മുഴുവനുമുള്ള അധ്വാനവും അവരുടെ വലകൾ നിറച്ചില്ല. ക്ഷീണിച്ചും നിരാശരായും കടൽത്തീരത്തേക്കു തിരിച്ചുപോകേണ്ടിവന്നു.

ജീവിതത്തിലെ മിക്കതും ഇതുപോലെയാണ്. നമ്മിൽ ഓരോരുത്തരും അത്യഗാധമായ ആഗ്രഹങ്ങൾ സാക്ഷാത്കരിക്കാൻ പരിശ്രമിക്കുന്നു. സമ്പന്നരാക്കുമെന്നു കരുതുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. ശരിയായ വഴിയിൽ മുന്നേറാനുള്ള പ്രത്യാശയുടെ "കടൽ" സഞ്ചാരം

നടത്തുന്നു. (സന്തോഷത്തിനായുള്ള നമ്മുടെ ദാഹത്തെ തൃപ്തിപ്പെടുത്താനുള്ള വഴി തന്നെ.) ചിലപ്പോൾ നാം ധാരാളം മീൻപിടിച്ചു സന്തോഷിക്കുന്നു. ചിലപ്പോൾ വള്ളത്തെ തിരമാല കുലുക്കാതിരിക്കാൻ ധീരതയുണ്ടായിരിക്കണം. അല്ലെങ്കിൽ വലയിൽ ഒന്നുമില്ലാതെ ഉയരുന്നതു കണ്ടു നിരാശപ്പെടേണ്ടി വരും.

ഓരോ വിളിയെ സംബന്ധിച്ചും ഒരു കണ്ടുമുട്ടലിനെപ്പറ്റി സുവിശേഷം പറയുന്നു. യേശു അടുത്തുകൂടെ കടന്നുപോകുന്നു, മീൻപിടിത്തക്കാരെ കാണുന്നു, അവരുടെയടുക്കലേക്കു നടന്നുചെല്ലുന്നു. നാം വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്ന വ്യക്തിയെ കണ്ടുമുട്ടുമ്പോഴും അല്ലെങ്കിൽ സമർപ്പിത ജീവിതത്തിന്റെ ആകർഷണം തോന്നിയപ്പോഴും ഇതുതന്നെ സംഭവിച്ചു: നമ്മൾ കണ്ടുമുട്ടലിൽ വിസ്മയിച്ചു. നമ്മുടെ ജീവിതത്തെ പൂർണതയിലെത്തിക്കാൻ കഴിയുന്ന സന്തോഷത്തിന്റെ വാഗ്ദാനത്തെ ആ നിമിഷത്തിൽ കണ്ടു. ആ ദിവസം ഗലീലിക്കടലിന്റെ തീരത്ത് യേശു ആ മീൻപിടുത്തക്കാരെ സമീപിച്ചു. "അന്നു കർമങ്ങളുടെ മരവിപ്പിക്കൽ" തകർത്തുകൊണ്ട് അങ്ങനെ ചെയ്തു (22-ാം സമർപ്പിത ജീവിത ദിനാഘോഷപ്രഭാഷണം, 2 ഫെ. 2018). അവിടന്ന് പെട്ടെന്ന് അവരോട് വാഗ്ദാനം ചെയ്തു: ഞാൻ നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കും" (മർക്കോ 1:17).

കർത്താവിന്റെ വിളി നമ്മുടെ സ്വാതന്ത്ര്യത്തിലേക്കുള്ള ദൈവത്തിന്റെ ആക്രമിച്ചുകടക്കലല്ല. അത് ചുമക്കേണ്ടി വരുന്ന "പെട്ടി"യോ ഭാരമോ അല്ല. നേരെ മറിച്ച് സ്നേഹപൂർണമായ തുടക്കമാണ്. അതുവഴി ദൈവം നമ്മെ കണ്ടുമുട്ടുകയും വലിയൊരു സംരംഭത്തിൽ പങ്കുകാരാകാൻ ക്ഷണിക്കുകയും ചെയ്യുന്നു. അവിടന്ന് നമ്മുടെ കൺമുമ്പിൽ കൂടുതൽ വലിയ കടലിന്റെ ചക്രവാളവും സമൃദ്ധമായ മീൻപിടിത്തവും തുറന്നു കാണിക്കുന്നു.

നമ്മുടെ ജീവിതം നിസ്സാരവും പ്രവചനീയവും അനുദിന ജോലി കൊണ്ട് ബന്ധിതവും അതിന് അർത്ഥം നല്കുന്ന തീരുമാനങ്ങൾക്കു മുമ്പ് ഉത്തരം പറയാത്തതും ആയിരിക്കരുതെന്ന് യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നു. പടപൊരുതാൻ യോഗ്യതയുള്ള ഒന്നുമില്ലെന്നു കരുതി നവീനവും ഉദ്വേഗജനകവുമായ വഴികളിലൂടെ പുറപ്പെടാനുള്ള ആഗ്രഹം സാവധാനം നഷ്ടപ്പെട്ട് അനുദിനജീവിതം നാം നയിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നില്ല. ചിലപ്പോൾ വിസ്മയനീയമായ മീൻപിടുത്തത്തിന്റെ അനുഭവം നമുക്കു നല്കുന്നു. കാരണം, മഹത്തായ ഒരു കാര്യത്തിലേക്കു നമ്മെ - വിവിധ വഴികളിലൂടെ - വിളിക്കുന്നുണ്ടെന്ന് നാം മനസ്സിലാക്കാൻ അവിടന്നു ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതം ഹൃദയത്തെ മന്ദീഭവിപ്പിക്കുന്ന തളർച്ചയാകുന്ന വലകളിൽ കുടുങ്ങിക്കിടന്നു വളരാൻ ഇടവരാതിരിക്കാൻ തന്നെ. ഓരോ വിളിയും വല കൈയിൽ പിടിച്ച് കായൽത്തീരത്തു നിൽകാതിരിക്കാനുള്ള ആഹ്വാനമാണ്. യേശു നമുക്കുവേണ്ടി അടയാളപ്പെടുത്തിയ - നമ്മുടെ സന്തോഷ

ത്തിനും നമുക്കു ചുറ്റുമുള്ളവരുടെ നന്മയ്ക്കുംവേണ്ടി - വഴികളിലൂടെ യേശുവിനെ പിന്തുടരാനുള്ള വിളിയാണ്.

ഈ വാഗ്ദാനം സ്വീകരിക്കുകയെന്നത് സ്വാഭാവികമായി ഒരു തീരുമാനമെടുത്തുകൊണ്ട് അപകടസാധ്യത നേടാനുള്ള ധീരതയെ ആവശ്യപ്പെടുന്നു. വലിയ കാര്യത്തിൽ പങ്കുകാരാകാൻവേണ്ടി യേശു വിളിച്ച ആദ്യത്തെ ശിഷ്യന്മാർ "പെട്ടെന്ന് വല ഉപേക്ഷിച്ച് അവിടത്തെ പിന്തുടർന്നു" (മർക്കോ 1:18). കർത്താവിന്റെ വിളിയോടു പ്രത്യുത്തരിക്കാൻ വലിയ വെല്ലുവിളി നേരിടാൻ തയ്യാറാവുകയും നേരിടുകയും വേണം. നമ്മുടെ ചെറിയ ബോട്ടുമായി ബന്ധിപ്പിക്കുന്നതും സുനിശ്ചിതമായ തീരുമാനമെടുക്കുന്നതിൽ നിന്നു തടയുന്നതുമായ എല്ലാം ഉപേക്ഷിക്കണമെന്നാണ് ഇതിന്റെ അർത്ഥം. നമ്മുടെ ജീവിതത്തെപ്പറ്റി ദൈവത്തിനുള്ള പദ്ധതി അന്വേഷിക്കുന്നതിൽ ധീരതയും ദൃഢനിശ്ചയവും ഉള്ളവരാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. വിളിയുടെ വിസ്തൃതമായ "സമുദ്രം" കണ്ടുകൊണ്ട് നമുക്കു സുരക്ഷിതത്വം തരുന്ന വഞ്ചിയിൽ വലകൾ നന്നാക്കിക്കൊണ്ട് തൃപ്തരായി കഴിയാൻ നമുക്കു സാധ്യമല്ല. പിന്നെയോ കർത്താവിന്റെ വാഗ്ദാനത്തിൽ വിശ്വസിച്ച് ആശ്രയിക്കണം.

ഒന്നാമതായി ക്രൈസ്തവജീവിതത്തിലേക്കുള്ള ദൈവവിളിയെപ്പറ്റി ഞാൻ ചിന്തിക്കുന്നു. ആ ദൈവവിളി മാമ്മോദീസയിൽ നമ്മൾ എല്ലാവരും സ്വീകരിച്ചു. നമ്മുടെ ജീവിതം ഒരു ഉടക്കുമുനയല്ല പിന്നെയോ ഒരു ദാനമാണ് എന്നു അതു നമ്മെ പഠിപ്പിക്കുന്നു: സഭയാകുന്ന വലിയ കുടുംബത്തിൽ ശേഖരിക്കപ്പെട്ട ദൈവത്തിന്റെ പ്രിയപുത്രന്മാർക്കുള്ള ദാനം. സഭാത്മക സമൂഹത്തിൽ മാത്രമാണ് ക്രൈസ്തവജീവിതം ജനിക്കുകയും വികസിക്കുകയും ചെയ്യുന്നത് - പ്രത്യേകിച്ച്, ലിറ്റർജിയിലൂടെ. ലിറ്റർജി നമ്മെ ദൈവവചനത്തിലേക്കും കൂദാശകളുടെ കൃപാവരത്തിലേക്കും പ്രവേശിപ്പിക്കുന്നു. ബാല്യകാലം മുതൽ പ്രാർത്ഥനയുടെ കാലവും സഹോദരപരമായ പങ്കുവയ്ക്കലും നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അവസാനം സഭ നമ്മുടെ മാതാവാണ്. കാരണം അവൾ നമ്മെ പുതിയജീവിതത്തിലേക്കു കൊണ്ടുവരുകയും ക്രിസ്തുവിലേക്കു നയിക്കുകയും ചെയ്യും. അതുകൊണ്ട് നാം സഭയെ സ്നേഹിക്കണം. മാനുഷിക ദുർബലതയും പാപവും കൊണ്ട് അവളുടെ മുഖം വികലമാക്കപ്പെട്ടു കാണുമ്പോഴും അങ്ങനെ ചെയ്യണം. നാം സഭയെ എന്നെന്നും കൂടുതൽ സൗന്ദര്യവും പ്രകാശവും ഉള്ളവളാക്കാനുള്ള പരിശ്രമത്തിൽ സഹായിക്കണം. അങ്ങനെ ലോകത്തിന്റെ ദൈവസ്നേഹത്തിനുവേണ്ടി സാക്ഷ്യം വഹിക്കാൻ സഭയ്ക്കു കഴിയും.

അങ്ങനെ ക്രൈസ്തവജീവിതം ആ തീരുമാനങ്ങളിൽ പ്രകാശനം കാണുന്നു. നമ്മുടെ വ്യക്തിപരമായ യാത്രയ്ക്ക് കൃത്യമായ മാർഗനിർദേശം നല്കികൊണ്ട് നമ്മുടെ ലോകത്തിൽ ദൈവരാജ്യത്തിന്റെ വളർച്ചയ്ക്ക് സഹായിക്കുകയും ചെയ്യുന്നു. ക്രിസ്തുവിൽ വിവാഹം നടത്തുകയും കുടുംബത്തെ രൂപീകരിക്കുകയും ചെയ്യാനുള്ള തീരുമാ

നത്തെപ്പറ്റി ഞാൻ ചിന്തിക്കുന്നു. മറ്റുള്ള എല്ലാ ദൈവവിളിക്കുമെന്ന പോലെ അത് ജോലിയോടും പ്രൊഫഷണൽ ജീവിതത്തോടും കൂടിയതാണ്. പരസ്നേഹത്തോടും ഐക്യദാർഢ്യത്തോടും സാമൂഹികവും രാഷ്ട്രീയവുമായ ഉത്തരവാദിത്വങ്ങളോടും മറ്റു പലതിനോടും കൂടിയതാണത്. ഈ ദൈവവിളികൾ നമ്മെ നന്മ, സ്നേഹം, നീതി എന്നിവയുടെ ഒരു വാഗ്ദാനത്തിന്റെ വാഹകരാക്കുന്നു. നമുക്കുവേണ്ടി മാത്രമല്ല നമ്മുടെ സമൂഹങ്ങൾക്കും സംസ്കാരങ്ങൾക്കും വേണ്ടി കൂടിയാണത്. അവയ്ക്ക് ധീരതയുള്ള ക്രൈസ്തവരെയും ദൈവരാജ്യത്തിന്റെ യഥാർത്ഥസാക്ഷികളെയും ആവശ്യമാണ്.

കർത്താവിനെ കണ്ടുമുട്ടുമ്പോൾ സമർപ്പിതജീവിതത്തിലേക്കോ പൗരോഹിത്യത്തിലേക്കോ ഉള്ള ദൈവവിളിയുടെ ആകർഷകത്വം അനുഭവപ്പെട്ടേക്കാം. നമ്മെ ഉത്തേജിപ്പിക്കാൻ കഴിവുള്ള ഒരു കണ്ടെത്തലാണത്. അതേസമയം അത് നമ്മെ ഭയപ്പെടുത്തുകയും ചെയ്യുന്നു. സഭയിൽ മനുഷ്യരെപ്പിടിക്കുന്നവരാകാൻ വിളിക്കപ്പെട്ടിരിക്കുന്നതായി നമുക്കു തോന്നും. സുവിശേഷത്തിനും സഹോദരീസഹോദരന്മാർക്കും പൂർണമായി സമർപ്പിച്ചുകൊണ്ട് അങ്ങനെ ചെയ്യാൻ തന്നെ. അത്തരം ഒരു തീരുമാനം കർത്താവിനെ അനുഗമിക്കാനും നമ്മെ പൂർണമായി അവിടത്തേക്കു സമർപ്പിക്കാനും അവിടത്തെ ജോലിയിൽ പങ്കുകാരാകാനും സർവവും ഉപേക്ഷിക്കുകയെന്ന ഒരു അപകട സാധ്യതയുണ്ട്. ഈ തീരുമാനമെടുക്കുമ്പോൾ അനേകതരം ആന്തരിക തടസ്സങ്ങളും ഉണ്ടാകാം. പ്രത്യേകിച്ച് വലിയ തോതിൽ സെക്കുലറായിട്ടുള്ള സാഹചര്യങ്ങളിൽ. അതിൽ ദൈവത്തിനും സുവിശേഷത്തിനും സ്ഥാനമില്ലെന്നു തോന്നിപ്പോകുക. "നിരുത്സാഹം തോന്നാനും പ്രത്യാശ തളരാനും" സാധ്യതയുള്ള സാഹചര്യങ്ങളാണവ (വൈദികർ, സമർപ്പിതർ, അല്മായ പ്രസ്ഥാനങ്ങൾ എന്നിവരോടൊപ്പമുള്ള കുർബാനയിലെ പ്രഭാഷണം, പനാമ, 26 ജനുവരി 2019).

എന്നാലും സ്വജീവൻ കർത്താവിനുവേണ്ടി അപകടസാധ്യതയിലെത്തിക്കുന്നതിനെക്കാൾ വലിയ സന്തോഷം ഒരുവനുമില്ല. യുവജനങ്ങളായ നിങ്ങളോട് ഇത് പ്രത്യേകമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കർത്താവിന്റെ വിളിക്കുനേരെ ചെവിയടയ്ക്കരുത്. ഈ വഴി പിന്തുടരാൻ അവിടന്ന് നിങ്ങളെ വിളിക്കുന്നെങ്കിൽ തുഴ വഞ്ചിയിലിടരുത്. അവിടന്നിൽ വിശ്വസിക്കുക, ഭയപ്പെടരുത്. കർത്താവ് ചൂണ്ടിക്കാണിക്കുന്ന വലിയ കയറ്റങ്ങൾക്കു മുമ്പിൽ ഭയം നമ്മെ തളർത്തിക്കളയും. വള്ളവും വലയും ഇട്ടുകളഞ്ഞിട്ട് കർത്താവിനെ പിൻതുടരുന്നവർക്ക് ഹൃദയത്തെ നിറയ്ക്കുന്നതും യാത്രയെ സജീവമാക്കുന്നതുമായ പുതുജീവന്റെ സന്തോഷം അവിടന്ന് വാഗ്ദാനം ചെയ്യുന്നുവെന്ന് എപ്പോഴും ഓർക്കുക.

പ്രിയ സുഹൃത്തുക്കളേ, നമ്മുടെ ദൈവവിളി തിരിച്ചറിയുകയും ജീവിതത്തെ നേർവഴിക്കു നയിക്കാനും എപ്പോഴും എളുപ്പമല്ല. ഇക്കാരണ

ത്താൽ മുഴുവൻ സഭയുടെയും ഭാഗത്തുനിന്ന് - വൈദികർ, സന്ന്യസ്തർ, അജപാലന പ്രവർത്തകർ, വിദ്യാഭ്യാസപ്രവർത്തകർ എന്നിവരിൽ നിന്ന് നവീകൃതസമർപ്പണമുണ്ടാകണം. യുവജനങ്ങൾക്ക് കേൾക്കാനും തിരിച്ചറിയാനുമുള്ള പ്രത്യേക സൗകര്യങ്ങൾ നല്കുന്നതിനു തന്നെ. ഒരു യുവജനശുശ്രൂഷയും വിളി വളർത്തലും ആവശ്യമാണ്. ദൈവിക പദ്ധതി കണ്ടെത്താനുള്ള വഴി തുറക്കാനാണത്: സർവോപരി പ്രാർത്ഥന, ദൈവവചന ധ്യാനം, ദിവ്യകാരുണ്യാരാധന, ആധ്യാത്മിക സഹഗമനം എന്നിവയിലൂടെ.

പനാമയിൽ നടന്ന ലോകയുവജനദിനാഘോഷത്തിൽ പലപ്രാവശ്യം പറഞ്ഞിട്ടുള്ളതുപോലെ നാം എപ്പോഴും മറിയത്തിലേക്കു നോക്കണം. ആ യുവതിക്കും ദൈവവിളി ഒരു വാഗ്ദാനവും അപകടസാധ്യതയുമായിരുന്നു. അവളുടെ ദൗത്യം എളുപ്പമുള്ളതായിരുന്നില്ല. എന്നാൽ ഭയം പ്രബലപ്പെടാൻ അവൾ അനുവദിച്ചില്ല. "സമർപ്പിക്കാൻ തയ്യാറായ ഒരാളുടെ സമ്മതം മൂളലായിരുന്നു അത്. അപകടസാധ്യത ഏറ്റെടുക്കാൻ ഇഷ്ടപ്പെട്ട തനിക്കുള്ളതെല്ലാം പരിത്യജിക്കാൻ തയ്യാറായ ഒരാളുടെ സമ്മതം മൂളൽ. താൻ ഒരു വാഗ്ദാനം വഹിക്കുന്നവളാണെന്ന് അറിയുന്നതിന്റെ തീർച്ചയല്ലാതെ മറ്റൊരു സെക്യൂരിറ്റിയും അവൾക്കുണ്ടായിരുന്നില്ല. ഞാൻ നിങ്ങളിൽ ഓരോരുത്തരോടും ചോദിക്കുന്നു: നിങ്ങൾ വാഗ്ദാനം വഹിക്കുന്നവരായി കാണുന്നുണ്ടോ? നടപ്പാക്കേണ്ട എന്തു വാഗ്ദാനമാണ് എന്റെ ഹൃദയത്തിലുള്ളത്? മറിയത്തിന്റെ ദൗത്യം തീർച്ചയായും പ്രയാസമുള്ള ഒന്നായിരുന്നു. പക്ഷേ മുന്നിൽ കണ്ട വെല്ലുവിളികളൊന്നും സമ്മതമില്ല എന്നു പറയാൻ കാരണമായില്ല. തീർച്ചയായും കാര്യങ്ങൾ സങ്കീർണമായിത്തീരും. എന്നാൽ കാര്യങ്ങൾ വ്യക്തമല്ലാതിരിക്കുകയും മുൻകൂട്ടി സുനിശ്ചിതമാകാതിരിക്കുകയും ചെയ്യുമ്പോൾ ഭീരുത്വം നമ്മെ തളർത്തിക്കളയുന്ന രീതിയല്ല അങ്ങനെയായിരിക്കുന്നത് (യുവജനങ്ങളോടൊപ്പമുള്ള ജാഗരണം, പനാമ 26 ജനുവരി 2019).

ദൈവവിളിക്കായുള്ള ഈ ആഗോള പ്രാർത്ഥനാദിനത്തിൽ നമുക്ക് നമ്മുടെ ജീവിതത്തെ സംബന്ധിച്ച് കർത്താവിന്റെ സ്നേഹപദ്ധതി കണ്ടെത്താനും അവിടന്ന് നമുക്കു ഓരോരുത്തർക്കുമായി ആരംഭം മുതൽ നിശ്ചയിച്ചിട്ടുള്ള വഴിയിലൂടെ നടക്കാനുള്ള ധീരത നല്കാനായി അവിടത്തോട് നമുക്ക് ഒന്നിച്ചു പ്രാർത്ഥിക്കുകയും സഹായം യാചിക്കുകയും ചെയ്യാം.

വത്തിക്കാനിൽ നിന്ന് 31 ജനുവരി 2019
വിശുദ്ധ ജോൺ ബോസ്കോയുടെ ഓർമദിനം

**ഫ്രാൻസിസ് മാർപാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

# സ്വർഗ്ഗീയമന്ന

**അലക്സാണ്ടർ നെടുമ്പറമ്പിൽ പൂവം**

ഓസ്തിയും വീണ്ടുമീ ദൈവാലയത്തിന്റെ
അൾത്താരമേശമേലെന്നുമെന്നും
ജീവൻ തുടിക്കുന്നൊരപ്പമായ്മാറുന്നു
നശ്വരമല്ലിതീ ദൈവദാനം
മേദിനിയിൽ ലഭ്യമല്ലങ്ങും, സ്നേഹമാം
മാദനം പൂക്കുമീ ദിവ്യഭോജ്യം
നമ്മൾക്കു ജീവൻ നിലനില്ക്കുവാനായും-
നമ്മൾ മരിക്കാതിരിക്കുവാനും
ദൈവ പിതാവിന്റെ ആദ്യജാതനായ-
ശ്രീ യേശു ഏകസന്താനമത്രേ
മാംസം ധരിച്ച വചനത്തിൽ ഭൂമിയിൽ
താണിറങ്ങി വന്നോൻ ജാതമോദം
സ്വർഗ്ഗീയ ഭോജനമാണിതു ഈ ഭോജ്യം
ഭക്ഷിച്ചാൽ മൃത്യുഭവിക്കയില്ല
ജീവന്റെ അപ്പമാമെന്നെ സമീപിച്ചാൽ
നിങ്ങൾ പൈദാഹവിമുക്തരാകും
സത്യവും ജീവൻ, പുനദ്ധാനവും ഞാൻ-
മാർഗ്ഗവും, ഞാനേകൻ തന്നെയെന്നും
എൻ മാംസ രക്തങ്ങൾ വാങ്ങി ഭുജിച്ചെന്നാൽ
നിത്യജീവൻ ലഭ്യമാകുമെന്നും
സത്യമായ് വായ് മൊഴി ചൊല്ലി സ്മിതം തൂകി
സജ്ജനായ് നിൽക്കുന്നു വേദിയിങ്കൽ
തൻ മാംസ രക്തങ്ങൾ ഭാഗിച്ചു വീതിച്ചു
നൽകുവാൻ സ്നേഹമൊടേശു ദേവൻ
പോകാം നമുക്കുമാമേശയ്ക്കരുകിലാ-
സ്നേഹവിരുന്നതിൽ പങ്കുചേരാം
സ്നേഹമൊടേകുന്ന സ്നേഹവിരുന്നിൽ നി-
ന്നേവർക്കും ഭക്ഷിച്ചു മുക്തി നേടാം.

കുരുത്തോല പ്രദക്ഷിണം







ബൈബിൾ കൺവൻഷൻ സമാപനബലി, പാമ്പനാർ

## ജന്മദിനാശംസകൾ




**മെയ്**

02 Fr. Agnel Dominic Rodrigues
04 Fr. Issac Padinjarekuttu
05 Fr. Joshy Puthupparambil
10 Fr. Antony Jolly Chackalackal
15 Fr. Mathew Kizhakkekkuttu
16 Fr. Michael Valayinchiyil
19 Fr. Ouseph Puthenparambil
19 Fr. Peter Inchapara
29 Fr. Job Kuzhivayalil
30 Fr. Antony Shaji Chelatt

## കുരുത്തോല ഞായർ





## പരേതരെ സ്മരിക്കാം – മെയ്

| | | |
|---|---|---|
| 02. | (2013) | Fr.Joseph Kurisummoottil |
| 05. | (1933) | Abp. Bernard OCD |
| 07. | (1995) | Fr.Angel Mary OCD |
| 07. | (2010) | Fr.James Podimattom |
| 07. | (1999) | Fr.John Pallathu OCD |
| 10. | (2008) | Fr.Mathew Chemmarappally CFIC |
| 18. | (2007) | Fr. Philip Manappurath CFIC |
| 25. | (1967). | Fr.Eusebius OCD |
| 26. | (1985) | Fr.Archangel OCD |
| 29. | (2004) | Fr.Xavier Pallathuparambil |



# മതബോധനരംഗം

**രൂപതാ മതബോധനദിനം മെയ് 25**

2018–19 മതബോധന വർഷത്തിലെ രൂപതാ മതബോധനദിനം മെയ് 25–ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 2 മണി വരെ അമലനിലയം ഓഡിറ്റോറിയത്തിൽ (വി.എസ്.എസ്.എസ്.) വച്ച് നടത്തപ്പെടുന്നതാണ്. ഈ സമ്മേളനത്തിൽ ഹെഡ്മാസ്റ്ററും, സ്റ്റാഫ് സെക്രട്ടറിയും നിർബന്ധമായും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാരെ പ്രത്യേകം ക്ഷണിക്കുന്നു.

രാവിലെ 10 മണിക്കുള്ള ഉദ്ഘാടന സമ്മേളത്തിൽ വച്ച് അഭിവന്ദ്യ പിതാവ് സമ്മാനങ്ങൾ വിതരണം ചെയ്യുന്നതാണ്. മതബോധനം, മോറൽ സയൻസ് പരീക്ഷകളിൽ സമ്മാനാർഹരായ 4–ാം ക്ലാസ് മുതലുള്ള കുട്ടികളെയും പങ്കെടുപ്പിക്കുക.

ഈ സമ്മേളനത്തിൽ വച്ച് കൈയ്യെഴുത്ത് മാസിക സമ്മാന വിതരണവും, ബെസ്റ്റ് സൺഡേ സ്കൂൾ അവാർഡ് വിതരണവും നടത്തപ്പെടുന്നതാണ്.

മെയ് 26 അടുത്ത വർഷത്തേക്കുള്ള ക്രമീകരണങ്ങൾ ഇടവകയിൽ നടത്തേണ്ട ദിനം. (ഒരുക്കദിനം)

ജൂൺ 2 ഇടവക മതബോധന ദിനം പ്രവേശനോത്സവം നടത്തുക മാതാപിതാക്കൾ, കുട്ടികൾ, മതാദ്ധ്യാപകർ, എന്നിവർ ചേർന്ന് ഈ ദിനം ആചരിക്കുക. അന്നേ ദിനം ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം എന്നിവയുടെ ഉദ്ഘാടനവും നടത്തുക.

ജൂൺ 8: മേഖല മതാദ്ധ്യാപക സംഗമം. എല്ലാ മതാധ്യാപകരും പങ്കെടുക്കുന്നു.

ജൂൺ 9: പി.റ്റി.എ രൂപീകരണം

മാതാപിതാക്കളുടെയും അജപാലന സമിതി അംഗങ്ങളുടെയും സഹകരണത്തോടെ പി.റ്റി.എ. രൂപീകരിക്കുക.

അടുത്ത അദ്ധ്യയന വർഷത്തിൽ മതബോധന പുസ്തകങ്ങൾക്ക് 5 രൂപാ വീതം വർദ്ധിക്കുന്നതായിരിക്കും.

ഇനി മുതൽ മതബോധന വാർത്തകൾ വിജയപുരദൂതിലായിരിക്കും പ്രസിദ്ധീകരിക്കുക. വിജയപുരദൂത് മതബോധന യൂണിറ്റ് ഡയറക്ടറുടെ പക്കൽ എത്തുന്നതായിരിക്കും. മതബോധന കലണ്ടറിൽ തന്നിരിക്കുന്ന പ്രോഗ്രാമുകളും തീയതികളും പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

മതബോധന സംബന്ധമായ വാർത്തകൾ ഓരോ മാസവും 20–ാം തീയതിക്കു മുമ്പായി vijayapuradhuthu@gmail.com എന്ന ഇ–മെയിൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

ഏവരുടേയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്

**കോട്ടയ്ക്കാട്ട് വർഗീസച്ചൻ**
രൂപതാ മതബോധന ഡയറക്ടർ



കോട്ടയം, നാഗമ്പടം സെന്റ് ആന്റണീസ് തിരുശേഷിപ്പ് തീർഥാടനകേന്ദ്രം റെക്ടർ മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ നയിക്കുന്ന പാമ്പനാർ ആത്മാഭിഷേക കൺവെൻഷൻ പാമ്പനാർ തിരുഹൃദയ തീർത്ഥാടന കേന്ദ്രത്തിൽ വിജയപുരം രൂപത വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു.

## മുണ്ടക്കയം സെന്റ് മേരീസ് ദൈവാലയത്തിൽ സ്കോളർഷിപ്പ് വിതരണം ചെയ്തു.

മുണ്ടക്കയം സെന്റ് മേരീസ് ഇടവകയിൽ പ്രവർത്തിക്കുന്ന സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പഠനത്തിൽ മികവു പുലർത്തുന്നതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ മൂന്ന് വിദ്യാർത്ഥികൾക്ക് ഏപ്രിൽ 7 തീയതി ഞായറാഴ്ച വികാരി മോൺ. ഹെൻറി കൊച്ചുപറമ്പിൽ സ്കോളർഷിപ്പ് വിതരണം ചെയ്തു. ഇതിൽ രണ്ടു പേർ പ്രഫഷണൽ കോഴ്സ് പഠിക്കുന്നവരും ഒരാൾ ദത്തു വിദ്യാർത്ഥിയുമാണ്.

## വയോധിക ദമ്പതികളെ ആദരിച്ചു



മുണ്ടക്കയം സെന്റ് മേരീസ് ദൈവാലയത്തിന്റെ ശതാബ്ദിയോടനുബന്ധിച്ചു പ്രായാധിക്യം മൂലം യാത്ര ചെയ്യാൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഇടവകയിലെ വൃദ്ധ ദമ്പതികളെ വികാരി മോൺ. ഹെൻറി കൊച്ചുപറമ്പിലിന്റെയും കൂട്ടായ്മ കോഡിനേറ്റർ ശ്രീമതി. സൂസമ്മ വർഗീസിന്റെയും ഇടവക സമിതി അംഗം ശ്രീ.റെജി ചാക്കോയുടെയും നേതൃത്വത്തിൽ ഭവന സന്ദർശനം നടത്തി ആദരിക്കുകയും പ്രാർത്ഥിക്കുകയും സമ്മാനങ്ങൾ കൈ മാറുകയും ചെയ്തു.



മടുക്കക്കുന്നു ലിറ്റിൽ ഫ്ളവർ റോമൻ കത്തോലിക്ക ദൈവാലയത്തിലെ കർത്താവീശോ മിശിഹായുടെ ഉയിർപ്പിന്റെ ദൃശ്യാവിഷ്കാരം.

# കെ.എൽ.സി.എ. സംസ്ഥാന നേതാക്കൾക്ക് സ്വീകരണവും രൂപതാ കർമ്മപദ്ധതി ഉദ്ഘാടനവും




കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ വിജയപുരം രൂപത സമിതിയുടെ കർമ്മപദ്ധതി ഉദ്ഘാടനവും സംസ്ഥാന നേതാക്കൾക്ക് സ്വീകരണവും പാക്കിൽ സെന്റ് തെരേസാസ് ദേവാലയത്തിൽ വച്ച് നടത്തപ്പെടുകയുണ്ടായി. കോട്ടയം മുനിസിപ്പൽ ചെയർപേഴ്സൺ ഡോ. പി.ആർ. സോന സമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഡയറക്ടർ മോൺ. ജോസ് നവസ് സംസ്ഥാന നേതാക്കളെ ആദരിച്ച് പൊന്നാട അണിയിച്ചു. രൂപത ഡയറക്ടർ ഫാ. ജോഷി പുതുപ്പറമ്പിൽ അനുഗ്രഹ പ്രഭാഷണം നടത്തി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആന്റണി നൊറോണ, സംസ്ഥാന സെക്രട്ടറി അഡ്വ.ഷെറി ജെ. തോമസ്, സംസ്ഥാന ട്രഷറർ ശ്രീ.എബി കുന്നേപ്പറമ്പിൽ എന്നിവർ ആദരം ഏറ്റുവാങ്ങി. വികാരി ഫാ. ജോബ് കുഴിവയലിൽ, രൂപതാ പ്രസിഡന്റ് ശ്രീ. ജോസഫ് സെബാസ്റ്റ്യൻ, രൂപതാ ജനറൽ സെക്രട്ടറി ശ്രീ. ഷിജോ ബാബു പുളിമൂട്ടിൽ, സംസ്ഥാന സെക്രട്ടറി ശ്രീ. പൂവം ബേബി, ശ്രീ. അൽഫോൻസ് കുഴിവേലിൽ, ശ്രീ. സ്റ്റീഫൻ നടുക്കേകാല എന്നിവർ ആശംസകൾ അർപ്പിച്ചു.



കെ.എൽ.സി.എ വിജയപുരം രൂപതയുടെ പുതിയ **ഡയറക്ടറായ ഫാ. ജോഷി പുതുപ്പറമ്പിലിൽ** കെ.എൽ.സി.എ കമ്മറ്റി അംഗങ്ങളോടൊപ്പം

# അഭിനന്ദനങ്ങൾ



**വിസ്മയ രാജു**

പഞ്ചാബിൽ നടന്ന നാഷണൽ സോഫ്ട് ബോൾ ടൂർണമെന്റിൽ ദേശീയ തലത്തിൽ 8-ാം സ്ഥാനവും ക്യാഷ് അവാർഡും 2019 മാർച്ച് 9,10 തീയതികളിൽ കോട്ടയം എം. ജി. യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ വെച്ചു നടന്ന 17-ാമത് കേരള സബ്ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനം നേടിയ കോട്ടയം ടീം അംഗം വിസ്മയ രാജു ചേരുംപൊയ്കയിൽ.

പട്ടിത്താനം സെന്റ് ബോനിഫേസ് ഇടവകാംഗവും മതബോധനയൂണിറ്റിലെ 9-ാം ക്ലാസ് വിദ്യാർത്ഥിനിയുമാണ്. ഹാർദ്ദമായ അഭിനന്ദനങ്ങൾ



മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ നയിക്കുന്ന പാമ്പനാർ ആത്മാഭിഷേക കൺവെൻഷൻ



കെ.ആർ.എൽ.സി.സി. പരിശീല പരിപാടി

## സെന്റ് മേരീസ് ചർച്ച് കുറുമുള്ളൂർ
# വിശ്വാസ അനുഭവവാര ഉദ്ഘാടനം



കുറുമുള്ളൂരിൽ വിശ്വാസ അനുഭവവാരം വികാരി റവ.ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ ഉദ്ഘാടനം ചെയതു. ഈ വർഷത്തെ വിശ്വാസ അനുഭവവാര ക്ലാസുകളുടെ പഠനവിഷയത്തെക്കുറിച്ചും, അവയുടെ പ്രാധാന്യത്തെക്കുറിച്ചും കുട്ടികൾക്ക് വ്യക്തമാക്കികൊണ്ട് അച്ചൻ പതാക ഉയർത്തി. തദവസരത്തിൽ കുട്ടികൾ ആന്തം ആലപിച്ചു. തുടർന്ന് നടന്ന മീറ്റിംഗിൽ പാരിഷ്കൗൺസിൽ സെക്രട്ടറി സിബി തൈപറമ്പിൽ എം.പി.റ്റി.എ. കൺവീനർ രജനി ബിജു എന്നിവർ ആശം സകളർപ്പിച്ചു. സൺഡേ സ്കൂൾ എച്ച്.എം. റോസമ്മ ജോണി സ്വാഗതം ആശംസിച്ചു.



# വിശ്വാസ അനുഭവവാര സമാപനം. സൺഡേസ്കൂൾ വാർഷികം

**– സെന്റ് മേരീസ് ചർച്ച് കുറുമുള്ളൂർ**



വിശ്വാസ അനുഭവവാര സമാപനവും സൺഡേ സ്കൂൾ വാർഷികവും നടന്നു. കുട്ടികളുടെ നേതൃത്വത്തിലുള്ള വി. കുർബാനയ്ക്ക് ശേഷം സമാപന റാലി നടത്തി. ഫാ. ഡെന്നീസ് കണ്ണമാലിൽ റാലി ഫ്ളാഗ് ഓഫ് ചെയ്തു. പള്ളി അങ്കണത്തിൽ നിന്നും പുറപ്പെട്ട റാലിയിൽ ലീഡേഴ്സ് ചൊല്ലിക്കൊടുത്ത മുദ്രാവാക്യങ്ങൾ ഏറ്റുചൊല്ലിക്കൊണ്ട് കൊടികളുമായി കുട്ടികൾ കുരിശടിചുറ്റി ദൈവാലയത്തിൽ എത്തിച്ചേർന്നു. തുടർന്ന് വിശ്വാസ അനുഭവവാര സമാപനത്തിന്റെ ഭാഗമായുള്ള കൊടിയിറക്കൽ കർമ്മം വികാരിയച്ചൻ നിർവ്വഹിച്ചു. തദവസരത്തിൽ കുട്ടികൾ ആന്തം ആലപിച്ചു. ശേഷം കുട്ടികൾക്കായ് പ്രത്യേകം ഭക്ഷണവും നൽകി.

തുടർന്ന് സൺഡേ സ്കൂൾ വാർഷിക സമ്മേളനം നടത്തപ്പെട്ടു. യോഗത്തിൽ സൺഡേ സ്കൂൾ എച്ച്.എം. ശ്രീമതി റോസമ്മ ജോണി സ്വാഗതം ആശംസിച്ചു. സ്റ്റാഫ് സെക്രട്ടറി ശ്രീ. റോജോമോൻ റ്റി.സി. 2018–19 വർഷത്തെ റിപ്പോർട്ട് അവതരിപ്പിച്ചു. ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ മുഖ്യപ്രഭാഷണം നടത്തി. സി. റോസിലിൻ കാരിസ്ഭവൻ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു. എം.പി.റ്റി.എ. കൺവീനർ



ശ്രീമതി രജനി ബിജു യോഗത്തിൽ ആശംസയർപ്പിച്ചു. ശ്രീ. ജോസഫ് എൻ. ഡി. കൃതജ്ഞത അർപ്പിച്ചു. വാർഷിക സമ്മേളനത്തിനു ശേഷം കുട്ടികളുടെ വിവിധ കലാപരിപാടികൾ നടന്നു.

# വി.എസ്.എസ്.എസ്. വാർത്തകൾ

## വിശപ്പിനും രോഗത്തിനുമെതിരായ നോമ്പുകാല പ്രവർത്തന യജ്ഞം 2019





മനുഷ്യകുലത്തിന്മേലുള്ള വേദനാജനകവും അപമാനകരവുമായ ഒരു വിപത്താണ് അപോഷണം അഥവാ പോഷകാഹാരക്കുറവ്. മുഴുവൻ ജനത്തേയും തീറ്റിപ്പോറ്റുവാനുള്ള ഭക്ഷ്യോത്പാദനം നാട്ടിൽത്തന്നെ ഉണ്ടെങ്കിലും നമ്മുടെ രാജ്യത്ത് ഇന്നും അപോഷണം മൂലം ക്ലേശിക്കുന്ന കുട്ടികളുടെയും വിളർച്ച ബാധിച്ച സ്ത്രീകളുടെയും എണ്ണം ഗണ്യമായ തോതിൽ ഉണ്ട് എന്നത് ചിന്തനീയമാണ്.

ഭാരത കത്തോലിക്കാ സഭ ആരോഗ്യമുള്ള ഒരു ഇൻഡ്യക്കുവേണ്ടി അണിചേരുക എന്ന ആഹ്വാനവുമായി 2019-ലെ വിശപ്പിനും രോഗത്തിനുമെതിരായ പ്രവർത്തന യജ്ഞം പോഷകാഹാരം എല്ലാ മനുഷ്യരുടെയും അവകാശമാണെന്ന അവബോധം വളർത്തുവാനും അതു സാദ്ധ്യമാക്കുവാൻ പ്രതിജ്ഞാബദ്ധരായി പ്രവർത്തിക്കുവാനും നിർദ്ദേശിച്ചിരിക്കുകയാണ്.



നമ്മുടെ രൂപതയിൽ 2019-ലെ വിശപ്പിനും രോഗത്തിനുമെതിരായ പ്രവർത്തന യജ്ഞം ലോകാരോഗ്യദിനമായ ഏപ്രിൽ 7-ാം തിയതി അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കേതെച്ചേരിൽ പിതാവ് വിമലഗിരി കത്തീഡ്രലിൽ ഉത്ഘാടനം ചെയ്തു. ഇതിനായുള്ള ബാനറും പോസ്റ്ററും അനാവരണം ചെയ്തു, പെരിയ ബഹുമാനപ്പെട്ട മോൺസിഞ്ഞോർ സെബാസ്റ്റ്യൻ പൂവത്തിങ്കലിനു കൈമാറി. തുടർന്ന് ഞള്ളനാട്ടു മാലിപുതുവലിൽ കാർത്ത്യായനിക്ക് ഭഷ്യവസ്തുക്കളുടെ കിറ്റ് വിതരണം ചെയ്തു കൊണ്ട് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

2019-ലെ വിശപ്പിനും രോഗത്തിനുമെതിരായ പ്രവർത്തന യജ്ഞത്തിൽ ഐക്യദാർഢ്യവും സമർപ്പണവും പ്രകടിപ്പിച്ചുകൊണ്ട് അഭിവന്ദ്യ പിതാവും സമൂഹവും നിർദ്ദിഷ്ട ബാനറിൽ കൈയ്യൊപ്പിട്ടു.

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി അസ്സി. ഡയറക്ടർ ഫാ.ഫെലിക്സ് ദേവസ്യാ പുറത്തേപ്പറമ്പിൽ, പ്രോജക്റ്റ് ഓഫീസർ കെ.പി.ജോൺ, പ്രോഗ്രാം ഓഫീസർ ജോൺ ജോസഫ്, ചൈൽഡ് ലൈൻ കോ.ഓർഡിനേറ്റർ മാത്യൂ ജോസഫ്, സോണിയാ ആന്റോ, റവ.സി.സൂസൻ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## മെരിറ്റ്ഡേ 2019

പഠനരംഗത്ത് മികവ്തെളിയിക്കുന്ന വിദ്യാർഥികളെ ആദരിക്കുവാനും പ്രോത്സാഹിപ്പിക്കുവാനുമായി രൂപതാതലത്തിൽ എല്ലാ വർഷവും മെരിറ്റ്ഡേ ആഘോഷപരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ഈ വർഷം മെരിറ്റ് ഡേ 2019 ജൂൺ മാസം 8-ന് വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി കേന്ദ്രകാര്യാലയമായ അമലനിലയത്തിൽവച്ച് അഭിവന്ദ്യ പിതാവിന്റെ സാന്നിദ്ധ്യത്തിൽ നടത്തപ്പെടുന്നു. സെക്കണ്ടറി, ഹയർ സെക്കണ്ടറിതലങ്ങളിൽ എ പ്ലസ്സ് നേടിയവർ, സർവ്വകലാശാല തലത്തിൽ റാങ്ക്, ഡോക്ടറേറ്റ് ഇവ നേടിയവർ, എം.ബി.ബി.എസ്സ്, ബി.ടെക്ക്, ബി.ഇ എന്നീ കോഴ്സുകളിലെ വിജയികൾ എന്നിവർ തങ്ങളുടെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് /മാർക്ക്ലിസ്റ്റിന്റെ കോപ്പിയും ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടൊപ്പം ജൂൺ 5-ന് മുൻപ് വി.എസ്സ്. എസ്സ്.എസ്സ്. ഓഫീസിൽ എത്തിക്കേണ്ടതാണ്. വൈകി കിട്ടുന്നവ പരിഗണിക്കുന്നതല്ല.

## അതിജീവനം പദ്ധതി



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഇക്കഴിഞ്ഞ പ്രളയ ദുരന്തത്തിൽ വീട്, ശുചിമുറി എന്നിവ നഷ്ടപ്പെട്ടവർക്ക് അവയുടെ പുനർനിർമ്മാണത്തിനും അറ്റകുറ്റപണികൾക്കും, ജീവനോപാധികളായ ആട്, കോഴി മുതലായവ നഷ്ടപ്പെട്ടവർക്ക് അവരുടെ വരുമാന സ്രോതസുകൾ വീണ്ടെടുക്കുന്നതിനുമായി നൽകുന്ന സാമ്പത്തിക സഹായ വിതരണ ഉത്ഘാടനം പാക്കിൽ സെന്റ് തെരേസാസ് ഹാളിൽ വി.എസ്സ്.എസ്സ്.എസ്സ്. അസി.ഡയറക്ടർ ഫാ. ഫെലിക്സ് ദേവസ്യാ പുറത്തേപ്പറമ്പിൽ നിർവ്വഹിച്ചു. വികാരി ഫാ. ജോബ് കുഴിവയലിൽ അദ്ധ്യക്ഷനായിരുന്നു. ജനകീയ വികസന സമിതി സെക്രട്ടറി സെബാസ്റ്റ്യൻ മറ്റത്തിൽ, സാമൂഹ്യ വികസന സമിതി കൺവീനർ ബെന്നി ഫ്രാൻസിസ്, ഡോ.മിലിയാ റ്റിജോ, ആനി മേറ്റർ ഹോംസി മാത്യൂ എന്നിവർ സംസാരിച്ചു. ഇടവകയിലെ തെരഞ്ഞെടുക്കപ്പെട്ട 12 കുടുംബങ്ങൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുക.



## ഓപ്പൺ ഹൗസ്

കോട്ടയം ചൈൽഡ് ലൈൻ, കുമരകം പഞ്ചായത്തിലെ 5,6,7 വാർഡുകളിലെ കുട്ടികൾ ക്കായി ഓപ്പൺ ഹൗസ് സംഘടിപ്പിച്ചു. കണ്ണാടിച്ചാൽ ഗവ.എൽ.പി.സ്കൂളിൽ നടന്ന പരിപാടി കുമരകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.പി.സലിമോൻ ഉത്ഘാടനം ചെയ്തു. പൊലീസ്, എക്സൈസ്,പഞ്ചായത്ത് എന്നീ വകുപ്പുകളുടെ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ മേഖലയിൽ കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ , ആവശ്യങ്ങൾ ഇവയെക്കുറിച്ചുള്ള തുറന്ന ചർച്ച നടന്നു.




കോട്ടയം ചൈൽഡ് ലൈൻ കൗൺസിലർ ബിന്ദു വർഗ്ഗീസ് "കുട്ടികളും ലൈംഗിക അതിക്രമങ്ങളും" എന്ന വിഷയത്തിൽ ക്ലാസ്സ് നയിച്ചു. നോഡൽ കോ-ഓർഡിനേറ്റർ ജെസ്റ്റിൻ മൈക്കിൾ, ടീം മെമ്പർ ഷിൻജു ഷാജി എന്നിവർ പങ്കെടുത്തു.

## വി ഷെയർ പദ്ധതി വരുമാന വർദ്ധക സംരംഭം



ആട് വളർത്തൽ
ഔസേഫ് എം.റ്റി
മുണ്ടാനിക്കോട്
മധുരവേലി

**ആശാകിരണം കാൻസർ സാന്ത്വനപദ്ധതിയിലേക്ക് വിവിധ ഇടവക വികസനസമിതികൾ ശേഖരിച്ച് നൽകിയ തുക.**

തെള്ളകം - 2100, പെരുവ - 1010, കുന്നുംഭാഗം- 500, കാഞ്ഞിരപ്പാറ - 1020.

**ചികിത്സാസഹായം നൽകിയത്.**

കുന്നുംഭാഗം - 5000, എലിക്കുളം- 3000, കുറുമുള്ളൂർ - 5000, നട്ടാശ്ശേരി- 5000.

# മുട്ടക്കോഴി കുഞ്ഞുങ്ങളുടെ വിതരണം..



മുട്ടക്കോഴി കുഞ്ഞുങ്ങളുടെ വിതരണോദ്ഘാടനം മിസ്റ്റ് ഡയറക്ടർ ഫാദർ ഷിന്റോവെളിപ്പറമ്പിൽ നിർവഹിക്കുന്നു.

അടിമാലി: മൂന്നാർ ഇന്റഗ്രൽ സോഷ്യൽ ട്രാൻസ്ഫോർമേഷൻ സൊസൈറ്റിയുടേയുംവിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ മുട്ടക്കോഴി കുഞ്ഞുങ്ങളുടെ വിതരണം നടന്നു. പ്രളയം മൂലം ദുരിതത്തിലായവർക്ക്പുനരധിവാസം ഒരുക്കുന്നതിന്റെ ഭാഗമായാണ് പരിപാടി നടപ്പിലാക്കിയത്. 47 കാർഷികകുടുംബാംഗങ്ങൾക്ക് സൗജന്യമായി നൽകിയ കോഴികളുടെ വിതരണോത്ഘാടനം മിസ്റ്റ്ഡയറക്ടർ ഫാ. ഷിന്റോ വെളിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ അസിസ്റ്റന്റ് ഡയറക്ടർ ഫാ.വിജോഷ്, പ്രോജക്ട് ഓഫീസർ പി. ജയശീലൻ, സിസ്റ്റർ ദീപ്തി, ആൻസിഎന്നിവർ സംസാരിച്ചു.

---



സെന്റ് വിൻസെന്റ് ഡി പോൾസൊസൈറ്റി
കെ.ആർ.സി.സി. കുടുംബസംഗമം

# തിരുഹൃദയവർഷം പ്രമാണിച്ച് അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവ് വെഞ്ചരിപ്പുകർമ്മം നടത്തിയ വൈദിക, സന്യസ്ത ഭവനങ്ങൾ



വൈദിക വസതി ബിയൽറാവ്



കാരിസ് ഭവൻ,
അതിരമ്പുഴ



കാസ മരിയ പേരൂർ



വൈദിക വസതി ചാത്തൻതറ



സി.എസ്.എസ്.റ്റി കേൺവെന്റ്
ചിന്നക്കനാൽ



വൈദിക വസതി
ചിന്നക്കനാൽ



സി.റ്റി.സി. കേൺവെന്റ്
പയസ് നഗർ



വൈദിക വസതി
ഗുഡാർളെ



സന്യാസ ഭവനം പാമ്പാടി



കോൺവെന്റ് മണ്ണയ്ക്കനാട്



കോൺവെന്റ് തൊടുപുഴ



കോൺവെന്റ് വെട്ടിമുകൾ



കോൺവെന്റ് കാട്ടാംപാക്ക്



വൈദിക വസതി കുറുമുള്ളൂർ



വൈദിക വസതി മറ്റത്തുംഭാഗം



കോൺവെന്റ് മധുരവേലി



വൈദിക വസതി മധുരവേലി



വൈദിക വസതി മണ്ണയ്ക്കനാട്



സന്യസ്ത ഭവനം
മാരാമൺ



കോൺവെന്റ്
അതിരമ്പുഴ



മിണ്ടാമഠം
തിരുവല്ല



സന്യാസ ഭവനം
മുരിക്കുംതൊട്ടി



സന്യാസ ഭവനം
ചിന്നകനാൽ



സന്യാസ ഭവനം
ഏറ്റുമാനൂർ



വൈദിക വസതി
മുക്കൂട്ടുതറ



വൈദിക വസതി
മൂവാറ്റുപുഴ



വൈദിക വസതി
നട്ടാശ്ശേരി



വൈദീക വസതി
നെടുങ്ങപ്ര



കോൺവെന്റ്
നെടുങ്ങപ്ര



സന്യാസ ഭവനം
തിരുവല്ല



സന്യാസ ഭവനം
കഞ്ഞിക്കുഴി



വൈദീക വസതി
പള്ളിവാസൽ



വൈദീക വസതി
പെരുംപെട്ടി



വൈദീക വസതി
പെരുവ



വൈദീക വസതി
പാക്കിൽ



വൈദീക വസതി
പൊടിമറ്റം



കോൺവെന്റ്
പൂവം



കോൺവെന്റ്
പൊതി



വൈദിക വസതി
പൊതി



വൈദിക വസതി
റാന്നി



കോൺവെന്റ് റെജിനാമുന്തി
തിരുവല്ല



വൈദിക വസതി
സൂര്യനെല്ലി



കോൺവെന്റ്
തൊടുപുഴ



ഉത്ഥാനാശ്രമം
കുമളി



ഉത്ഥാനാശ്രമം
കുമളി



വൈദിക വസതി
വൈശ്യംഭാഗം



വൈദിക വസതി
വനവാതൂക്കര



കോൺവെന്റ്
വൈശ്യംഭാഗം



വൈദിക വസതി
വെള്ളിയാമറ്റം



വനവാതുക്കര
കോൺവെന്റ്



വൈദിക വസതി
ഏന്തയാർ



വൈദിക വസതി
വെട്ടിമുകൾ



കുറുമുള്ളൂർ കുരിശുപള്ളി ആശീർവാദം



ഈസ്റ്ററിനോടനുബന്ധിച്ച് രൂപതയിൽ സേവനം അനുഷ്ഠിക്കുന്ന
സിസ്റ്റേഴ്സിന്റെ കൂടിവരവ്

# അഭിവന്ദ്യ പിതാവിന്റെ

## ജൂൺ മാസ പരിപാടികൾ

| | | | | |
|---|---|---|---|---|
| 01 | ആദ്യശനി | 6.30 am | - | ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 03 | തിങ്കൾ | | - | KRLCBC, വരാപ്പുഴ, മെത്രാസന മന്ദിരം, എറണാകുളം |
| 04-06 | | | - | KCBC, POC എറണാകുളം |
| 07 | വെള്ളി | | - | PPD |
| 08 | ശനി | | - | KRLCC, പ്രവാസകാര്യ കമ്മീഷൻ മീറ്റിംഗ്, കൊച്ചി |
| 09 | ഞായർ | 7.30 am | - | പെന്തക്കോസ്ത തിരുനാൾ, ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 14 | വെള്ളി | | - | PPD |
| 18 -19 | | | - | മദ്ധ്യകേരള മെത്രാന്മാരുടെ ത്രൈമാസധ്യാനം, മെത്രാസനമന്ദിരം, വിജയപുരം രൂപത, കോട്ടയം |
| 21 | വെള്ളി | | - | PPD |
| 23 | ഞായർ | 7.30 am | - | ദിവ്യകാരുണ്യത്തിരുനാൾ, ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 28 | വെള്ളി | | - | PPD |



40 മണി ആരാധ, നല്ലയിടയൻ പള്ളി, കോട്ടയം


SOUTH INDIAN Bank


Need a vehicle?
Vehicle loans
from CSB
We realize that India's growing population and economy requires better means of transport. Be it Companies, Firms, Educational Institutions, Hospitals or Individuals, we help finance your purchase. Our loans are hassle free and the interest rates competitive. We help when you need it the most.
Loans available for individuals and organizations
Loans available for purchase of new and used vehicles
Special scheme for HNI's
Equated Monthly Installments (EMI)
Call: 1800 266 9090
www.csb.co.in
CSB... Support all the way
Catholic Syrian Bank
CSB

MAY 2019
Vol. 12 • Issue 5
*Published on*
1st May 2019

vijayapuradhuthu
(MONTHLY)
Annual Subscription ₹ 60.00

Registered No. KL/KTM/117/2017-19
LIC. No. KL/CR/KTM/WPP-09/2017-19
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA


# മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം



## ECOBURN™

**MOST ECONOMICAL ECO–FRIENDLY SOLID WASTE BURNER**

വൈദ്യുതി, ഗ്യാസ്, ഓയിൽ തുടങ്ങിയ യാതൊരുവിധ ഇന്ധന സഹായവുമില്ലാതെ തികച്ചും പരിസ്ഥിതി സൗഹൃദപരമായി ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യ. മലിനീകരണ നിയന്ത്ര സംവിധാനത്തോടെ, ഫ്ളാറ്റുകൾ, ആശുപത്രികൾ ഹോസ്റ്റലുകൾ, ഓഡിറ്റോറിയങ്ങൾ, ഹോട്ടലുകൾ ഷോപ്പിംഗ് കോംപ്ലക്സ്, പൊതുമാർക്കറ്റുകൾ, വീടുകൾ എന്നിവയിൽ നിന്നുള്ള ഖരമാലിന്യ പ്രശ്നങ്ങൾക്ക് ചിലവു കുറഞ്ഞ രീതിയിൽ ശാശ്വത പരിഹാരം.

- ലളിതമായ പ്രവർത്തനരീതി
- പരിപാലന ചിലവ് ഇല്ല
- ആവശ്യാനുസരണമുള്ള ഡിസൈൻ
- വളരെ കുറഞ്ഞ സ്ഥാപിത ചിലവ്

ecoway
TECHNOLOGIES PVT. LTD.

**Perumbaikadu P.O., Neelimangalam**
**Kottayam - 686028**
**Ph: 0481-2397752/9400316501**

ENVIRONMENTAL CONSULTANTS & MANUFACTURES OF:
WATER & WASTE WATER TREATMENT PLANTS • SOLID WASTE DISPOSAL SYSTEMS • AIR POLLUTION CONTROL STSTEMS


Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180